പുതുക്കിയ മറുപടി

<u>**പതിനഞ്ചാം കേരള നിയമസഭ**</u>
<u>**നാലാം സമ്മേളനം**</u>

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 280** **22.02.2022 - ൽ മറുപടിക്ക്.**

## അമ്പലപ്പുഴ മണ്ഡലത്തിലെ മുൻഗണനാ റേഷൻ കാർഡ്

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. എച്ച്. സലാം :** | **ശ്രീ. ജി.ആർ.അനിൽ**<br>**(ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി)** |
| **(എ)** സംസ്ഥാനത്തെ റേഷൻ കാർഡ് ഉടമകൾക്ക് ഡിജിറ്റൽ റേഷൻ കാർഡ് നൽകുന്ന പദ്ധതിയുടെ പുരോഗതി വ്യക്തമാക്കാമോ; | **(എ)** ഇലക്ട്രോണിക് ചിപ്പ് ഘടിപ്പിച്ച് ATM Card വലിപ്പത്തിലുള്ള സ്മാർട്ട് റേഷൻ കാർഡ് സംവിധാനം ഏർപ്പെടുത്തുന്നത് സംബന്ധിച്ചുള്ള സാധ്യതകൾ പരിശോധിച്ച് വരുന്നു. |
| **(ബി)** മുൻഗണനാ റേഷൻ കാർഡ് ലഭിക്കുന്നതിനായി അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽ നിന്നും ലഭിച്ച ആകെ അപേക്ഷകൾ, അനുവദിച്ചവ, നിരസിച്ചവ, ഇനിയും തീരുമാനമെടുക്കാത്തവ എന്നിവയുടെ ഇനം തിരിച്ചുള്ള എണ്ണം ലഭ്യമാക്കാമോ; | **(ബി)** ആകെ ലഭിച്ച അപേക്ഷകൾ - 1, 818<br>അനുവദിച്ചവ - 263<br>നിരസിച്ചവ - 69<br>ഹിയറിംഗ് നടത്തി പട്ടിക തയ്യാറാക്കിയവ-1,486 |
| **(സി)** അർഹരായ മുഴുവൻ പേർക്കും മുൻഗണനാ റേഷൻ കാർഡ് നൽകുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; 2022 മാർച്ച് മാസം മുൻപ് ഈ അപേക്ഷകർക്ക് എല്ലാം മുൻഗണനാ റേഷൻ കാർഡ് നൽകുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | **(സി)** മുൻഗണന വിഭാഗത്തിലുൾപ്പെടുത്തുന്നതിന് ബന്ധപ്പെട്ട താലൂക്ക് സപ്ലൈ / സിറ്റി റേഷനിംഗ് ഓഫീസുകളിൽ ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച്, അദാലത്ത് നടത്തി, ക്ലേശഘടകങ്ങൾക്ക് മാർക്ക് നൽകി 30-ഓ അതിൽ കൂടുതലോ ലഭിക്കുന്ന കുടുംബങ്ങളുടെ സപ്ലിമെന്ററി പട്ടിക തയ്യാറാക്കി ആയത് സിവിൽ സപ്ലൈസ് ഡയറക്ടറുടെ അംഗീകാരത്തിന് വിധേയമായി ഒഴിവുകൾ ലഭ്യമാകുന്ന മുറയ്ക്ക് സീനിയോറിറ്റി പ്രകാരം മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തി വരുന്നു. എൻ.എഫ്.എസ്.എ നടപ്പിൽ വരുത്തിയപ്പോൾ സംസ്ഥാനത്തിന് അനുവദിച്ച മുൻഗണനാ വിഭാഗത്തിലേക്ക് ഉൾപ്പെടുത്തേണ്ട അംഗങ്ങളുടെ ആകെ എണ്ണം 15480040 ആണ്. |

**ഇതു കാരണം മുൻഗണന റേഷൻ കാർഡുകൾ അർഹരായ മുഴുവൻ കുടുംബങ്ങൾക്കും നൽകാൻ കഴിയില്ല. ഇതിനു പുറമെ ഒഴിവാക്കൽ മാനദണ്ഡങ്ങളിൽ ഉൾപ്പെട്ടു വരാത്ത ഗുരുതരരോഗ ബാധിതർ ഉൾപ്പെടുന്ന കുടുംബങ്ങളുടെ പൊതു വിഭാഗം റേഷൻ കാർഡുകൾ മുൻഗണനയിലേയ്ക്ക്** മാറ്റുന്നതിനായി എല്ലാ മാസവും ആദ്യത്തെ ആഴ്ച RCMS Module Open ചെയ്തു നൽകി വരുന്നു.

**സെക്ഷൻ ഓഫീസർ**